## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 344 28/05/2019-ൽ മറുപടിയ്ക്ക്**

# കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികൾക്കു നേരെയുള്ള അക്രമങ്ങളും ലൈംഗിക അതിക്രമങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യം സാമൂഹ്യനീതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. കുട്ടികൾക്ക് നേരെയുള്ള അക്രമങ്ങൾ ലൈംഗിക അതിക്രമങ്ങൾ മുതലായവ തടയുന്നതിനായി ബാലാവകാശ സംരക്ഷണ-ത്തെക്കുറിച്ചും ജുവനൈൽ ജസ്റ്റിസ് ആക്ട് , പോക്സോ ആക്ട്, എം.റ്റി.പി ആക്ട് എന്നിവയെക്കുറിച്ചും സ്കൂൾ കുട്ടികൾക്കും ടീച്ചേഴ്സിനും അവബോധം സൃഷ്ടിക്കുന്നതിനായി "ഭദ്രം' എന്ന പേരിൽ ബോധവൽക്കരണ പരിപാടി 2019-20 അദ്ധ്യയന വർഷത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 304 സ്കൂളുകളിൽ ഓ.ആർ.സി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഇത്തരം കുട്ടികളെ സ്കൂൾ തലത്തിൽ തന്നെ കണ്ടെത്താൻ സാധിക്കും. ആയിരത്തിൽപ്പരം സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർ മുഖേന ശിശുസംരക്ഷണത്തെക്കുറിച്ച് അവബോധം നൽകിയിട്ടുള്ളതും കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ലൈംഗീക അതിക്രമ കേസുകൾ തീർപ്പാക്കുന്നതിനായി 14 പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുകയും 3 കോടതികളെ പോക്സോ കേസുകൾ നടത്തുന്നതിനായി മാറ്റുകയും ചെയ്തിട്ടുണ്ട്. |

കൂടാതെ എറണാകുളത്ത് ചൈൽഡ് ഫ്രണ്ട് ലി പോക്സോ കോർട്ട് നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം ഇത്തരത്തിൽ 2008-ൽ 549 കേസുകൾ റിപ്പോർട്ട് ചെയ്തപ്പോൾ 2018-ൽ അത് 4008 ആയി ഉയർന്ന സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സാമൂഹ്യനീതി വകുപ്പ് തന്നെ നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് 12 ലക്ഷത്തോളം കുടുംബങ്ങളിലെ കുട്ടികൾ സുരക്ഷിതരല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നിയമിച്ച റഫീഖ് കമ്മിറ്റി റിപ്പോർട്ടിന്റെയും സർവ്വേയിലെ കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ കുഞ്ഞുങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ? | (സി) | അങ്കണവാടികൾ വഴി നടത്തുന്ന വാർഷിക സർവ്വേയുമായി ബന്ധപ്പെട്ട് ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി വൾണറബിലിറ്റി മാപ്പിംഗ് 2017-18 വർഷത്തിൽ നടത്തിയിരുന്നു. ഇതുപ്രകാരം വനിതാ ശിശു വികസന വകുപ്പ് കുടുംബാധിഷ്ഠിത സർവ്വേയാണ് നടത്തിയിട്ടുള്ളത്. പ്രസ്തുത സർവ്വേയിൽ വിഷമ സാഹചര്യത്തിൽ കഴിയുന്ന 12 ലക്ഷത്തോളം കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിരുന്നു.<br>വിഷമ സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികളെ കണ്ടെത്തി പുനഃരധിവസിപ്പിക്കുന്നതിനായി കാവൽ, ശരണബാല്യം, സനാഥ ബാല്യം, വിജ്ഞാനദീപ്തി, നിയമാനുസൃത ദത്തെടുക്കൽ, ഭദ്രം, ഓ.ആർ.സി എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ടിന്റെയും 2017-2018 -ലെ സർവ്വേയുടെയും അടിസ്ഥാനത്തിൽ 2019 ജൂൺ 1 മുതൽ **'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി** 'എന്ന പേരിൽ സംസ്ഥാന വ്യാപകമായി ഒരു ബൃഹത്തായ സാമൂഹ്യ ബോധവൽക്കരണ ക്യാമ്പെയിൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം അങ്കണവാടികൾ വഴി വൾണറബിലിറ്റി മാപ്പിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കുട്ടികളുടെ |

സംരക്ഷണം ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികൾ ഡിസ്ട്രിക് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (ഡി.സി.പി.സി), വില്ലേജ് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (വി.സി.പി.സി) എന്നിവ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും എല്ലാ ജില്ലകളിലും ' റസ്പോൺസിബിൾ പേരന്റിംഗ് ' എന്ന വിഷയത്തിൽ ബോധവൽക്കരണം നടത്തുവാനും പേരന്റിംഗ് ഗൈഡൻസ് സെന്ററുകൾ സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**